**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങളും ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി കേന്ദ്രങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നതവിദ്യാഭ്യാസമേഖലയിൽ ഗുണനിലവാരവും ആധുനിക ഗവേഷണ സൗകര്യവും ലഭ്യമാക്കുന്നതിനുതകുംവിധം മികവിന്റെ കേന്ദ്രങ്ങളും ഇന്റർ യൂണിവേഴ്സിറ്റി ഓട്ടോണമസ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളാ സർവ്വകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ യഥാക്രമം (1) Thanu Padmanabhan Centre of Excellence in Astronomy and Astrophysics,(2) Centre of Excellence in Neuro degeneration and Brain Health(3) Centre of Excellence in Nanoscience & Nanotechnology എന്നീ മികവിന്റെ കേന്ദ്രങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ 7 സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്നും അവയ്ക്ക് സംസ്ഥാന സർക്കാരുമായുള്ള നിയമപരമായ ബാധ്യതകൾ എന്തൊക്കയാണെന്നും അറിയിക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുള്ള 7 സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE) - ൽ ടീച്ചിംങ് ലേർണിംഗ് ആന്റ് ട്രെയിനിംഗ് കേന്ദ്രവും, റിസേർച്ച് നെറ്റ് വർക്ക് സെന്ററിന്റെ മെയിൻ കേന്ദ്രവും ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് ഹോസ്റ്റ് ചെയ്യുന്ന രീതിയിലാണ് തിരുവനന്തപുരത്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്.<br><br>കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സയൻസ് ആന്റ് ടെക്നോളജി മഹാത്മാഗാന്ധി സർവ്വകലാശാലയിലും, ജെൻഡർ സ്റ്റഡീസ് കേന്ദ്രം കാലടി സർവ്വകലാശാലയിലും, ലാംഗ്വേജ് നെറ്റ് വർക്ക് കേന്ദ്രം മലയാളം സർവ്വകലാശാലയിലും ആണ് പ്രവർത്തനം ആരംഭിക്കാൻ പോകുന്നത്.<br><br>റിസേർച്ച് നെറ്റ് വർക്ക് സപ്പോർട്ട് കേന്ദ്രത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് റിസേർച്ച് ലാബുകളിൽ ഒന്ന് കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിലും |

| | | | |
|---|---|---|---|
| | | | രണ്ടാമത്തേത് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലും ആണ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.<br><br>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന മികവിന്റെ കേന്ദ്രം സിംലയിൽ ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയുടെ മാതൃകയിൽ CCEK യുടെ മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ ഉടൻ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.<br><br>സെന്റർ ഫോർ ഇൻഡീജിനസ് പീപ്പിൾ എന്ന സ്ഥാപനം വയനാട്ടിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചർച്ചകൾ പുരോഗമിക്കുന്നു.<br><br>ഓരോ സെന്റർ ഓഫ് എക്സലൻസും അവയുടെ പ്രത്യേക മേഖലക്കുള്ളിൽ വൈദഗ്ധ്യം, നവീകരണം, സഹകരണം എന്നിവയുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന രീതിയിൽ ആണ് വിഭാവന ചെയ്തിട്ടുള്ളത്. ഓരോ CoE കളിലും അതാത് മേഖലയിലെ മികച്ച ഫാക്കൽറ്റി അംഗങ്ങൾ, ഗവേഷകർ, വിദ്യാർത്ഥികൾ, വ്യവസായ പങ്കാളികൾ എന്നിവരുടെ മികച്ച സാന്നിദ്ധ്യം ഉണ്ടാവുന്ന രീതിയിൽ ആണ് രൂപീകരിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് അത്തരം കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് ആരംഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് പുതിയ മികവിന്റെ കേന്ദ്രങ്ങളും നിലവിൽ സ്ഥാപിച്ച കേന്ദ്രങ്ങളുടെ ഉപകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നു. മികവിന്റെ കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ മുൻ പരിചയം ഉള്ള സ്ഥാപനങ്ങൾ പ്രസ്തുത സ്ഥാപനങ്ങൾ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ഹോസ്റ്റ് ചെയ്യാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകാൻ തയ്യാറായാൽ പ്രസ്തുത ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്ന ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മികവിന്റെ കേന്ദ്രങ്ങളുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ